(ഡി) പി.എസ്.സി. ലിസ്റ്റിലെ നിയമനങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിയമനങ്ങളുടെ മെരിറ്റ് അടിസ്ഥാനത്തിലും സംവരണാടിസ്ഥാനത്തിലും നിയമിച്ചതിന്റെ പൂർണ്ണ വിവരങ്ങൾ ജനശ്രദ്ധയിൽ വരുന്നവിധം പി.എസ്.സി. പ്രസിദ്ധപ്പെടുത്തണമെന്ന നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംവരണ സമുദായങ്ങൾക്ക് നിയമപരമായി ഉദ്യോഗങ്ങളിൽ ലഭിക്കേണ്ട സംവരണ കാട്ട ഭാവിയിൽ നഷ്ടപ്പെടാതെ ലഭ്യമാക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ഉദ്യോഗ സംവരണത്തിൽ ഉണ്ടായിട്ടുള്ള നഷ്ടം പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ട്. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും മുസ്ലീങ്ങൾ ഉൾപ്പെടെയുള്ള മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം വിലയിരുത്തുന്നതിനായി ബഹു.മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഉന്നതാധികാര സമിതി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുമ്പോൾ കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്നില്ല. ഇന്റർവ്യൂ മാർക്ക് ഏത് രീതിയിലും 20% നിലനിർത്തുന്നുണ്ട്.

(ബി) പി.എസ്.സി. നിയമങ്ങളിൽ നിലവിലുള്ള യൂണിറ്റ് സമ്പ്രദായം തുടർന്നാൽ മതി എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) പിന്നോക്ക വിഭാഗങ്ങളുടെ റിസർവേഷൻ കാട്ട പുനർനിർണ്ണയിക്കുന്നതിന് സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഓരോ വിഭാഗത്തിന്റെയും സംവരണക്രമമനുസരിച്ചുള്ള നിയമന ശിപാർശ പട്ടികയും ഓരോ ഉദ്യോഗാർത്ഥിക്കും എഴുത്തു പരീക്ഷയിലും ഇന്റർവ്യൂവിലും ലഭിച്ച മാർക്കും പി.എസ്.സി. പ്രസിദ്ധപ്പെടുത്തി വരുന്നുണ്ട്.

സംസ്ഥാന ജിയോളജി സർവ്വീസിൽ നിലവിലുള്ള തസ്തികകൾ

16(*T 1255) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജിയോളജി സർവ്വീസിൽ ഇപ്പോൾ ഏതൊക്കെ തസ്തികകളാണുള്ളത്; ജിയോളജി സർവ്വീസ് സംബന്ധിച്ച ഏറ്റവും പുതിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഭേദഗതിക്ക് മുമ്പുള്ള ജിയോളജി സർവ്വീസിൽ ഏതൊക്കെ തസ്തികകളാണ് ഉണ്ടായിരുന്നത് ;

(സി) സംസ്ഥാന ജിയോളജി സർവ്വീസിൽ ജീവനക്കാരെ ഉൾക്കൊള്ളിച്ചിരിക്കുന്നതിന്റെ പൊതുമാനദണ്ഡമെന്ത്; പ്രസ്തുത സർവ്വീസിൽ ജിയോളജിയോഗ്യതക്കാർക്ക് പുറമേ ആരെങ്കിലുമുണ്ടോ; എങ്കിൽ ഏത് തസ്തികയിൽ;

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സർവ്വീസിൽ നിലവിലുള്ള തസ്തികകളിൽ ഏതിനൊക്കെയാണ് ബിരുദ-ബിരുദാനന്തര ഡിഗ്രി ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) അസിസ്റ്റന്റ് ജിയോളജിസ്റ്റ്-ജിയോളജിസ്റ്റുകൾക്ക് ആവശ്യമായ മിനിമം വിദ്യാഭ്യാസ യോഗ്യതയെന്ത്; ബിരുദമുൾപ്പെടെ ഇത് ആകെ എത്ര വർഷത്തെ പഠനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ജിയോളജി സർവ്വീസിലെ തസ്തികകളെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു: ജിയോളജി സർവ്വീസ് സംബന്ധിച്ച ഏറ്റവും പുതിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

1. അഡിഷണൽ ഡയറക്ടർ
2. ഡെപ്യൂട്ടി ഡയറക്ടർ
3. ജിയോളജിസ്റ്റ്
4. അസിസ്റ്റന്റ് ജിയോളജിസ്റ്റ്
5. അസിസ്റ്റന്റ് ഡ്രില്ലിംഗ് എഞ്ചിനീയർ
6. സീനിയർ കെമിസ്റ്റ്
7. ജൂനിയർ കെമിസ്റ്റ്
8. ആഡിറ്റ് ആഫീസർ.

(ബി) ഭേദഗതി മുമ്പുള്ള ജിയോളജി സർവ്വീസിൽ ചുവടെ ചേർക്കുന്ന തസ്തികകളാണ് ഉണ്ടായിരുന്നത്:

1. ഡയറക്ടർ
2. ഡെപ്യൂട്ടി ഡയറക്ടർ
3. സീനിയർ കെമിസ്റ്റ്
4. ജിയോളജിസ്റ്റ്.

(സി) സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ള ഗസറ്റഡ് തസ്തികകളാണ് സംസ്ഥാന ജിയോളജി സർവ്വീസിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. പ്രസ്തുത സർവ്വീസിൽ ജിയോളജി വിഷയത്തിൽ യോഗ്യതയുള്ളവർക്കു പുറമേ ചുവടെ ചേർക്കുന്ന തസ്തികകളും ഉണ്ട്:

1. അസിസ്റ്റന്റ് ഡ്രില്ലിംഗ് എഞ്ചിനീയർ
2. സീനിയർ കെമിസ്റ്റ്
3. ജൂനിയർ കെമിസ്റ്റ്
4. ആഡിറ്റ് ഓഫീസർ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആഡിറ്റ് ആഫീസർ തസ്തികയുടെ യോഗ്യത ബിരുദവും അസിസ്റ്റന്റ് ഡ്രില്ലിംഗ് എഞ്ചിനീയർ തസ്തികയുടെ യോഗ്യത എഞ്ചിനീയറിംഗ് ബിരുദവും സീനിയർ കെമിസ്റ്റ്, ജൂനിയർ കെമിസ്റ്റ് എന്നീ തസ്തികകൾക്ക് ബിരുദാനന്തര ബിരുദവും ബാക്കി എല്ലാ തസ്തികകൾക്കും ബിരുദാനന്തര ബിരുദമോ എഞ്ചിനീയറിംഗ് ബിരുദമോ ആവശ്യമുണ്ട്.

(ഇ) ആംഗീകൃത സർവ്വകലാശാല നൽകുന്ന ജിയോളജിയിലോ അപ്ലൈഡ് ജിയോളജിയിലോ ഫസ്റ്റ് ക്ലാസിലോ സെക്കന്റ് ക്ലാസിലോ ഉള്ള ബിരുദാനന്തര ബിരുദമോ മൈനിംഗ് എഞ്ചിനീയറിംഗിലുള്ള ബിരുദമോ ആണ് ആവശ്യമായ മിനിമം വിദ്യാഭ്യാസ യോഗ്യത. ബിരുദ/ബിരുദാനന്തര ബിരുദങ്ങൾക്ക് അഞ്ച് വർഷത്തെയും മൈനിംഗ് എഞ്ചിനീയറിംഗ് ബിരുദത്തിനായി നാലു വർഷത്തെയും പഠനം ആവശ്യമാണ്.

സർവ്വകലാശാലകളിലെ നിയമനം

17(1258) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ നിയമനം പി.എസ്.സി.-ക്ക് വിടുന്നതിന് സർക്കാർ നേരത്തെ തീരുമാനിച്ചിരുന്നോ ;

(ബി) എങ്കിൽ എന്നു ചേർന്ന മന്ത്രിസഭാ യോഗമാണ് ഈ തീരുമാനം കൈക്കൊണ്ടത് ;

(സി) ഇപ്പോൾ പ്രസ്തുത തീരുമാനം റദ്ദ് ചെയ്ത് നിയമനങ്ങൾ സർവ്വകലാശാലയ്ക്ക് തന്നെ നടത്താമെന്ന് കാണിച്ച് സർക്കാർ ഉത്തരവ് ഇറക്കുകയുണ്ടായോ;

(ഡി) എങ്കിൽ എന്നാണ് പ്രസ്തുത ഉത്തരവ് ഇറക്കിയത് ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) നേരത്തെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുന്നതിനും പിന്നീട് അത് റദ്ദ് ചെയ്ത് നിയമന അധികാരം സർവ്വകലാശാലയ്ക്ക് തന്നെ നൽകുന്നതിനും ഉണ്ടായ സാഹചര്യമെന്ത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) 15-12-2010-ലെ മന്ത്രിസഭാ യോഗം.

(സി-ഇ) തീരുമാനം റദ്ദാക്കിയിട്ടില്ല. എന്നാൽ സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേക്കുള്ള റിക്രൂട്ട്മെന്റ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിടുന്നതിനുവേണ്ടി സർവ്വകലാശാലാ നിയമങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly